## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1079.** **25.01.2018 ൽ മറുപടിയ്ക്ക്**

## മദ്യത്തിന്റെ ഉപഭോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ.റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന് സുപ്രീംകോടതി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | (എ) | ബഹു.സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെയും ആയതിനനുബന്ധമായ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മുൻസിപ്പൽ/കോർപ്പറേഷൻ ഏരിയ ഒഴികെയുള്ള സ്ഥലങ്ങളിൽ ദേശീയ/സംസ്ഥാന പാതകൾക്ക് 500 മീറ്റർ പരിധിയിലുള്ള മദ്യശാലകൾ നിർത്തലാക്കിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മദ്യത്തിനെതിരെ വ്യാപകമായി ബോധവത്കരണ പരിപാടികൾ നടത്തി ജനങ്ങളെ മദ്യ ഉപഭോഗത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. "വിമുക്തി" ലഹരി വർജ്ജന മിഷൻ രൂപവൽക്കരിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തോടെ ഊർജ്ജിതമായി നടത്തിവരുന്നു. |
| (ബി) | പ്രസ്തുത നടപടികളിലൂടെ സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയിൽ ഉണ്ടായിട്ടുള്ള കുറവ് എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | 2016 ഏപ്രിൽ മുതൽ 2016 ഡിസംബർ മാസം വരെ 268.81 ലക്ഷം കെയ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യം വില്പന നടന്നത് 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ മാസം വരെ 237.10 ലക്ഷം കെയ്സായി കുറയുകയുണ്ടായി. ഈ കാലയളവിൽ മദ്യവിൽപ്പനയിൽ 31.71 ലക്ഷം കെയ്സിന്റെ കുറവ് രേഖപ്പെടുത്തുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**